**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3371** **01-03-2023 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ വഴിയുള്ള സർക്കാർ സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ സേവനങ്ങൾ ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റപ്പെട്ടതോടെ പൊതുജനങ്ങൾക്ക് വന്നുചേരാനിടയുള്ള ആശയക്കുഴപ്പവും പ്രയാസങ്ങളും പരിഹരിക്കുന്നതിനും ജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | സർക്കാർ സേവനങ്ങൾ ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റപ്പെട്ട സാഹചര്യത്തിൽ പൊതുജനങ്ങൾക്ക് വന്നുചേരാനിടയുള്ള ആശയക്കുഴപ്പവും പ്രയാസങ്ങളും പരിഹരിക്കുന്നതിനും ജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുമായി റവന്യൂ വകുപ്പിന്റെ പരിശീലന സ്ഥാപനമായ ഐ.എൽ.ഡി.എം. ന്റെ ഭാഗമായി ഐ.ടി മിഷനിൽ പ്രവർത്തിച്ച് വരുന്ന റവന്യൂ കോൾ സെന്ററിൽ പ്രവർത്തനത്തിലുള്ള 1800 425 52 55 എന്ന ടോൾ ഫ്രീ നമ്പറിലേക്ക് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുള്ള സംശയങ്ങൾ, പരാതികൾ, നിർദ്ദേശങ്ങൾ മുതലായവ വിളിച്ച് അറിയിക്കാവുന്നതും അവയ്ക്ക് പരിഹാരം നിശ്ചിത സമയത്തിനുള്ളിൽ ലഭ്യമാക്കുന്നതുമാണ്. അതോടൊപ്പം ഐ.എൽ.ഡി.എം. ന്റെ www.ildm.kerala.gov.in എന്ന വെബ്സൈറ്റിൽ വിവിധ റവന്യൂ വിഷയങ്ങളിൽ പ്രഗൽഭരായവരുടെ നോട്ടുകൾ ചേർത്തിട്ടുണ്ട്.<br><br>റവന്യൂ വകുപ്പ് മുഖേന നൽകുന്ന സേവനങ്ങളെ കുറിച്ചും അവ ലഭ്യമാക്കുന്നതിന് സമർപ്പിക്കേണ്ട രേഖകളെക്കുറിച്ചും പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുക എന്നതാണ് സേവനങ്ങളെ സുതാര്യമാക്കാനുള്ള മാർഗ്ഗങ്ങളിലൊന്നെന്ന് തിരിച്ചറിഞ്ഞ് റവന്യൂ സംബന്ധമായ വിഷയങ്ങളിൽ പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്ന തരത്തിലുള്ള ചെറു വിവരണങ്ങൾ, വീഡിയോകൾ എന്നിവ സാമൂഹ്യ മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്നതിനായി റവന്യൂ വകുപ്പിന്റെ വിദ്യാഭ്യാസ കേന്ദ്രമായ ഐ.എൽ.ഡി.എം. ആസ്ഥാനമാക്കി ഒരു റവന്യൂ ഇൻഫർമേഷൻ ബ്യൂറോ ആരംഭിച്ചിട്ടുണ്ട്. ഇത്തരം പ്രചാരണ പ്രവർത്തനങ്ങൾക്കായി ഒന്നേകാൽ ലക്ഷത്തിലധികം വരിക്കാരുമായി ആർഐബിയുടെ യൂട്യൂബ് ചാനൽ (https://yoututbe.com/@rbikeralam) ബഹു.മുഖ്യമന്ത്രി ഫെബ്രുവരി 24-ാം തീയതി പ്രകാശനം ചെയ്തു. |

| | | | |
|---|---|---|---|
| | | | കൂടാതെ ഐ.എൽ.ഡി.എം. ൽ പ്രവർത്തിച്ചു വരുന്ന മീഡിയാ സെല്ലിന്റെ ഭാഗമായുള്ള യൂട്യൂബ് ചാനലിൽ (https://yoututbe.com/@instituteoflandanddisaster2156) റവന്യൂ വിഷയങ്ങളെ കുറിച്ചുള്ള വിദഗ്ധരുടെ ക്ലാസ്സുകൾ ചിത്രീകരിച്ച് അപ്‌ലോഡ് ചെയ്തിട്ടുണ്ട്. അതോടൊപ്പം ഐ.എൽ.ഡി.എം. ന്റെ ഫേസ് ബുക്ക്, ടിറ്റർ എന്നീ സോഷ്യൽ മീഡിയാ അക്കൗണ്ടുകളിൽ റവന്യൂ വിഷയങ്ങളിൽ പൊതുജനങ്ങൾക്ക് ഉണ്ടായേക്കാവുന്ന സംശയങ്ങൾ, റവന്യൂ സേവനങ്ങൾ ലഭിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശം, പദ്ധതികളുടെ വഴികാട്ടി എന്നീ തലങ്ങളിലുള്ളതും, ചോദ്യോത്തരങ്ങളടങ്ങുന്നതുമായ 'നിങ്ങൾക്കറിയാമോ' എന്ന തലക്കെട്ടിലുള്ള ബുള്ളറ്റിൻ പ്രതിദിനം പോസ്റ്റ് ചെയ്യുന്നുണ്ട്.<br><br>കൂടാതെ റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങൾ, ഓഫീസുകളുടെ വിവരം, വകുപ്പിൽ കൈകാര്യം ചെയ്യുന്ന വിഷയങ്ങളുടെ വിശദാംശങ്ങൾ ഇവ കൃത്യതയോടെ ഉൾപ്പെടുത്തിയുള്ള റവന്യൂ ഗൈഡ് പ്രതിവർഷം പ്രസിദ്ധീകരിക്കുന്നുമുണ്ട്.<br><br>റവന്യൂ വകുപ്പിലെ ഉത്തരവുകൾ, പദ്ധതികൾ, വിദഗ്ധരുടെ പഠന റിപ്പോർട്ടുകൾ, ഉദ്യോഗസ്ഥരുടെ സർഗാത്മകമായ കഴിവുകൾ ഇവ ഭൂമിക എന്ന മാസികയിലൂടെ പ്രസിദ്ധീകരിച്ചു വിതരണം ചെയ്യുന്നുമുണ്ട്. |
| (ബി) | റവന്യൂ വകുപ്പിന്റെ വിദ്യാഭ്യാസ സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് & ഡിസാസ്റ്റർ മാനേജ്മെന്റ് ഈ മേഖലയിൽ എന്തൊക്കെ ചുമതലകളാണ് വഹിക്കുന്നതെന്ന് വിശദീകരിക്കാമോ? | (ബി) | “എ” യുടെ മറുപടി |

സെക്ഷൻ ഓഫീസർ